പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.996 — 29.9.2011ൽ മറുപടിക്ക്

## പത്തനംതിട്ട ജില്ലയിൽ മലയോര പട്ടയം നൽകൽ

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം : | ഉത്തരം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പു മന്ത്രി) |
|---|---|
| (എ) മുൻ ഗവൺമെന്റിന്റെ കാലത്ത് പത്തനംതിട്ട ജില്ലയിലെ പമ്പാവാലിയിൽ എത്ര പേർക്ക് മലയോര പട്ടയം നൽകി ; ഇതിൽ എന്തൊക്കെ ഉപാധികളാണ് വച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ; | (എ) 658പേർക്ക്. ഭൂപതിവ് ചട്ടം 9(2) പ്രകാരം നൽകുന്ന പട്ടയങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും പാലിക്കണമെന്ന ഉപാധിയാണ് വച്ചിട്ടുള്ളത്. |
| (ബി) എങ്കിൽ ഇങ്ങനെ ഉപാധികളോടെ പട്ടയം നൽകാൻ എന്താണ് കാരണമെന്ന് വ്യക്തമാക്കാമോ ; | (ബി)ഭൂപതിവ് ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ളതുകൊണ്ട് |
| (സി) 25 വർഷത്തേക്ക് ഭൂമി കൈമാറ്റം ചെയ്യാൻ പാടില്ല എന്ന വ്യവസ്ഥ എന്നു മുതൽ നൽകിയിട്ടുള്ള പട്ടയങ്ങളിൽ ആണ് രേഖപ്പെടുത്തി തുടങ്ങിയത് ; ഈ വ്യവസ്ഥ മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; | (സി) 24/1/2009 മുതൽ നൽകിയിട്ടുള്ള പട്ടയങ്ങളിൽ.; വ്യവസ്ഥ മാറ്റുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) പമ്പാവാലിയിൽ നൽകിയിട്ടുള്ള പട്ടയങ്ങളിലെ ഉപാധികളിൽ മാറ്റം വരുത്തി, കർഷകരെ സഹായിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ? | (ഡി)ഇപ്പോൾ പരിഗണനയിലില്ല. |

Vijeesh

സെക്ഷൻ ഓഫീസർ